# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5767** — **02/7/2019**-ലെ മറുപടി

# കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ

**ചോദ്യം**

ശ്രീ. അനൂപ് ജേക്കബ്

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ എൽ.ഡി.ക്ലാർക്ക് മുതൽ മുകളിലേക്ക് എത്ര തസ്തികകളിൽ ഒഴിവുണ്ടെന്ന് അറിയിക്കുമോ; റവന്യൂ വിഭാഗത്തിൽ മാത്രം എത്ര തസ്തികകളിൽ ഒഴിവുണ്ടെന്ന് അറിയിക്കുമോ;

**മറുപടി**

കെ. കൃഷ്ണൻകുട്ടി

(ജലവിഭവ വകുപ്പുമന്ത്രി)

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ എൽ.ഡി.ക്ലാർക്ക് മുതൽ മുകളിലേക്കുള്ള തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | എൽ.ഡി.ക്ലാർക്ക് | 191 |
| 2 | യു.ഡി.ക്ലാർക്ക് | 14 |
| 3 | ഹെഡ് ക്ലാർക്ക് | 43 |
| 4 | ജൂനിയർ സൂപ്രണ്ട് | 3 |
| 5 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 4 |
| 6 | സീനിയർ സൂപ്രണ്ട്/റവന്യൂ ഓഫീസർ | 12 |
| 7 | അക്കൗണ്ട്സ് ഓഫീസർ | 4 |
| | **ആകെ** | **271** |

ഇതിൽ റവന്യൂ വിഭാഗത്തിലെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു

| ക്രമ നം | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | എൽ.ഡി ക്ലാർക്ക്/യു.ഡി ക്ലാർക്ക് | 100 |
| 2 | ഹെഡ് ക്ലാർക്ക് | 13 |
| 3 | സീനിയർ സൂപ്രണ്ട്/റവന്യൂ ഓഫീസർ | 7 |
| | **ആകെ** | **120** |

| | | | |
|---|---|---|---|
| (ബി) | ഒഴിവുകളുണ്ടായിട്ടും സ്ഥാനക്കയറ്റം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകാൻ നടപടി സ്വീകരിക്കുമോ; സ്ഥാനക്കയറ്റം നൽകരുതെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ എന്നറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WA No. 994/2017-ഉം ബന്ധപ്പെട്ട കേസുകളിന്മേലുമുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 12/10/2018-ലെ പൊതുവിധിയുടെ അടിസ്ഥാനത്തിൽ 2011 മുതലുള്ള വിവിധ തസ്തികകളുടെ സീനിയോറിറ്റി കണക്കാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ ജീവനക്കാരുടെ സ്ഥാനക്കയറ്റം പുനഃക്രമീകരിച്ച് സീനിയോറിറ്റി കണക്കാക്കേണ്ടതുമുണ്ട്. ഇവയിൽ തുടർനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യം വേണ്ട തസ്തികകളിൽ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി ചേർന്ന് സ്ഥാനക്കയറ്റ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.<br>സ്ഥാനക്കയറ്റം നൽകരുതെന്ന് കോടതി ഉത്തരവ് നിലവിലില്ല. |
| (സി) | റവന്യൂ വിഭാഗത്തിലെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് വാട്ടർ അതോറിറ്റിയുടെ വരുമാനത്തെ ബാധിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി വർഷം തോറും ഡി.പി.സി ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കാറുണ്ടോ; ഇല്ലെങ്കിൽ സെലക്ട് ലിസ്റ്റ് ഇല്ലാത്തത് മൂലം സ്ഥാനക്കയറ്റം നടക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി വർഷം തോറും ഡി.പി.സി ലിസ്റ്റുകൾ തയ്യാക്കാറുണ്ട്. എന്നാൽ മേൽ വിവരിച്ച കോടതി വ്യവഹാരങ്ങൾ മൂലമുള്ള കാലതാമസം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലും നേരിട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/